I ഇ.ബി. XIII-കേരള നിയമസഭ/XVI-10

# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2016 ഫെബ്രുവരി 18, വ്യാഴം

നിയമസഭ രാവിലെ 8.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**അടിയന്തരപ്രമേയം**

ഷിബുവിന്റെ കൊലപാതകം

മി. സ്പീക്കർ: ആലപ്പുഴ ജില്ലയിലെ പള്ളിപ്പുറം പഞ്ചായത്തിലെ തവണക്കടവിൽ സി.പി.ഐ.(എം) പ്രവർത്തകനായ ഷിബുവിനെ വീട്ടിൽ അതിക്രമിച്ചുകടന്ന് ആർ.എസ്.എസ്.കാർ അതിക്രൂരമായി കൊലപ്പെടുത്തിയതിനെത്തുടർന്ന് ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ

എ. എം. ആരിഫ്, വി. എസ്. സുനിൽകുമാർ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ചേർത്തല പോലീസ് സ്റ്റേഷൻ പരിധിയിൽ പള്ളിപ്പുറം പഞ്ചായത്തിലെ തവണക്കടവിലുള്ള ഷിബുവിന്റെ വീട്ടിൽ 14.2.2016-ന് രാത്രി 9.15-ഓടുകൂടി കിഷോർ, അഖിൽ, രാജേഷ്, ജോസ്കുട്ടി, അംബി തുടങ്ങിയവരുൾപ്പെട്ട സംഘം അതിക്രമിച്ചുകയറുകയും ഷിബുവിനെയും മാതാവിനെയും ദേഹോപദ്രവം ഏൽപ്പിക്കുകയും വീടിന്റെ ജനൽച്ചില്ലുകൾ അടിച്ചുതകർക്കുകയും ചെയ്തു. ചേർത്തല താലൂക്കാശുപത്രിയിൽ ചികിത്സ തേടിയ ഷിബുവിനെ തൊട്ടടുത്ത ദിവസം ഡിസ്ചാർജ് ചെയ്തെങ്കിലും മരണപ്പെടുകയായിരുന്നു. ഷിബുവിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ചേർത്തല പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കഞ്ചാവ് വിൽപ്പനയ്ക്കെതിരെ പരാതി നൽകിയതിലുള്ള വിരോധമാണ് ആക്രമണ കാരണമെന്ന് മൊഴിയിൽ പറഞ്ഞിട്ടുണ്ട്. ജില്ലാ പോലീസ് മേധാവി ഉൾപ്പെടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥർ സംഭവസ്ഥലം സന്ദർശിക്കുകയും കൂടുതൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും പ്രതികളെ എത്രയുംവേഗം പിടികൂടുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സംഭവസ്ഥലത്തും പരിസര പ്രദേശങ്ങളിലും മൊബൈൽ

പട്രോളിംഗും പോലീസ് പിക്കറ്റിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ആലപ്പുഴ ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് സമഗ്രമായ അന്വേഷണം നടത്തി മുഴുവൻ കുറ്റവാളികളെയും നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതാണ്.

ശ്രീ. എ. എം. ആരിഫ്: അരൂർ നിയോജക മണ്ഡലത്തിലെ പള്ളിപ്പുറം പഞ്ചായത്തിൽ തവണക്കടവ് പ്രദേശത്ത് താമസിക്കുന്ന സി.പി.ഐ.(എം) പ്രവർത്തകനായ ഷിബുവിനെ ആർ.എസ്.എസ്. ക്രിമിനൽ സംഘം അതിദാരുണമായാണ് കൊലപ്പെടുത്തിയത്. ഷിബുവിനെ ആക്രമിക്കുന്നതിനു മുമ്പ് അക്രമിസംഘം അദ്ദേഹത്തിന്റെ വീട് അടിച്ചുതകർക്കുകയും ഭാര്യയെയും അമ്മയെയും ദേഹോപദ്രവമേൽപ്പിക്കുകയും ചെയ്തു. പ്രസ്തുത പ്രദേശത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന മയക്കുമരുന്നുപയോഗം സംബന്ധിച്ച് പോലീസിൽ പരാതി നൽകിയതിലുള്ള വിരോധവും വൈക്കത്തഷ്ടമിയുമായി ബന്ധപ്പെട്ട് പോലീസിനെ ആക്രമിച്ച പ്രസ്തുത സംഘത്തിനെതിരെയുള്ള വിവരങ്ങൾ പോലീസിന് കൈമാറിയതിലുള്ള വിരോധവും ആക്രമണത്തിന് കാരണമായിട്ടുണ്ട്. അക്രമസംഭവങ്ങൾ സംബന്ധിച്ച് കേസ് ചാർജ് ചെയ്യാനോ പ്രതികളെ പിടികൂടാനോ ഷിബുവിന്റെ മരണം സംബന്ധിച്ച് കൊലപാതക കുറ്റത്തിന് കേസ് ചാർജ് ചെയ്യാനോ പോലീസ് തയ്യാറായിട്ടില്ല. ആർ.എസ്.എസ്.കാർ പ്രതികളായ

കേസ്സിൽ അവരെ സംരക്ഷിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ഉചിതമായ രീതിയിൽ കേസന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഇതൊരു രാഷ്ട്രീയ കൊലപാതകമല്ല. മയക്കുമരുന്ന് സംഘങ്ങൾ തമ്മിലുള്ള തർക്കം സംബന്ധിച്ച് പോലീസിൽ പരാതിപ്പെട്ടതിന്റെ വിരോധത്തിലാണ് കൊലപാതകം നടത്തിയിരിക്കുന്നത്. അന്വേഷണം നടത്തി പ്രതികളെ പിടികൂടുന്നതിന് ആലപ്പുഴ എസ്.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രദേശത്ത് പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയതടക്കമുള്ള ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അക്രമങ്ങളും കൊലപാതകങ്ങളും നടത്തുന്നവർ ആരായാലും അവർക്കെതിരെ സർക്കാർ മുഖംനോക്കാതെ നടപടി സ്വീകരിക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ എസ്. ശർമ്മ, ഇ. ചന്ദ്രശേഖരൻ, മാത്യു. ടി തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ

കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോയി.)

**ശ്രദ്ധക്ഷണിക്കൽ**

ജീവൻരക്ഷാ മരുന്നുകളുടെ കസ്റ്റംസ് തീരുവ ഇളവ്

ശ്രീ. ടി. എൻ. പ്രതാപൻ: 76 ജീവൻരക്ഷാ ഔഷധങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന ഇറക്കുമതി തീരുവ ഇളവ് കേന്ദ്ര സർക്കാർ പിൻവലിച്ചതിന്റെ ഫലമായി ക്യാൻസർ, എച്ച്.ഐ.വി, പാർക്കിൻസൺ തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകളുടെ വിലയിൽ വൻവർദ്ധനവുണ്ടാകും. അത്യാവശ്യ മരുന്നുകളുടെ വിലക്കയറ്റം ഏറ്റവും കൂടുതൽ ബാധിക്കുന്നത് സാധാരണക്കാരായ രോഗികളെയാണ്. ഔഷധനയം തിരുത്തുന്നതിനായി കേന്ദ്രഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണം.

(സഭയിൽ നിന്നും പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ തിരിച്ചുവരികയും പ്രതിപക്ഷം ഉന്നയിക്കുന്ന വിഷയങ്ങൾക്കുമേൽ നടപടി സ്വീകരിക്കുന്നതിനോ പരിഹാരം കാണുന്നതിനോ തയ്യാറാകാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഇന്നത്തെ സഭാനടപടികൾ ബഹിഷ്കരിക്കുന്നതായി ശ്രീ. എസ്.

ശർമ്മ പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് ഡയസ്സിനുമുമ്പിൽ വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു.)

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവുംവകുപ്പമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കേന്ദ്ര ആക്ടായ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ പ്രകാരം നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ് വില നിയന്ത്രണം നടപ്പാക്കുന്നത്. 74 ഇനം മരുന്നുകളുടെയും അവയുടെ വിവിധ കോമ്പിനേഷനുകളുടെയും വില മാത്രമാണ് എൻ.പി.പി.എ. നിശ്ചയിച്ചിരുന്നത്. മരുന്നുകളുടെ വില ഗണ്യമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ കൂടുതൽ മരുന്നുകൾ വില നിയന്ത്രണ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന കേരളത്തിന്റെ ആവശ്യം കണക്കിലെടുത്ത് മരുന്നുകളുടെ എണ്ണം 348 ആയി വർദ്ധിപ്പിക്കുകയും ഇവയ്ക്ക് പുറമെയുള്ളവയ്ക്ക് പഴയ വിലയെക്കാളും പത്ത് ശതമാനം മാത്രം വില വർദ്ധനവ് വരുത്തുവാൻ മരുന്നുകമ്പനികൾക്ക് അനുവാദം നൽകുകയും ചെയ്തു. 2012 മാർച്ച് മുതൽ 76 ഇനം മരുന്നുകൾക്ക് അനുവദിച്ചിരുന്ന ഇറക്കുമതി തീരുവ ഇളവ് കേന്ദ്ര സർക്കാർ പിൻവലിച്ചെങ്കിലും 41 ഇനം മരുന്നുകൾ നിയന്ത്രണ പട്ടികയിൽ ഉൾപ്പെടുന്നവയായതിനാൽ പ്രസ്തുത മരുന്നുകൾക്ക് വില വർദ്ധിപ്പിച്ച് അമിത വിലയ്ക്ക് വിൽപ്പന നടത്തുവാൻ സാധിക്കുകയില്ല. ബാക്കി 35 ഇനം മരുന്നുകളിൽ ചിലത്

ജീവൻരക്ഷാ മരുന്നുകളിൽ ഉൾപ്പെടുന്നതിനാൽ കസ്റ്റംസിന്റെ തീരുമാന പ്രകാരം വില വർദ്ധിക്കാൻ സാധ്യതയുണ്ട്. ഹീമോഫീലിയ ചികിത്സയ്ക്കുള്ള മരുന്നുകൾ വില നിയന്ത്രണപ്പട്ടികയിൽ ഉൾപ്പെടുന്നതിനാൽ ഇറക്കുമതി തീരുവയിലെ മാറ്റം വിലയിൽ ബാധകമാകുന്നില്ലെന്നു മാത്രമല്ല ആഭ്യന്തര ഉൽപ്പാദനം കുറഞ്ഞ മരുന്നായതിനാൽ ഇറക്കുമതി കുറയുവാനുള്ള സാധ്യതയുമുണ്ട്. സംസ്ഥാനത്ത് 51 കാരുണ്യ ഫാർമസികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതാണ്.

(പ്രതിപക്ഷബഹളത്തെത്തുടർന്ന് സബ്മിഷനുകൾ അവതരിപ്പിക്കേണ്ടതില്ലെന്നും അവയുടെ മറുപടി ബന്ധപ്പെട്ട മന്ത്രിമാർ അംഗങ്ങൾക്ക് നൽകേണ്ടതാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു)

**റിപ്പോർട്ട് സമർപ്പണം**

(1) 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി VII ന്റെ താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(i) കേരളത്തിലെ വിവിധ ഊർജ്ജ പദ്ധതികളുടെയും എനർജി മാനേജ്മെന്റ് സെന്ററിന്റെയും പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട്

(ii) വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യ വികസന പരിപാടി

സംബന്ധിച്ച റിപ്പോർട്ട്

(3) എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണവും സംസ്ഥാന എക്സൈസ് അക്കാദമിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(5) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ്റിപതിനൊന്ന് മുതൽ നൂറ്റി ഇരുപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(6) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ നൂറ്റിനാല് മുതൽ നൂറ്റി ഒൻപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(7) ഹർജികൾ സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(8) മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച (തുടർച്ച)

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ചർച്ച നടത്താൻ സാധ്യമല്ലാത്തതിനാൽ

മറുപടി പ്രസംഗം നത്തുന്നതിനായി ബഹുമാനപ്പെട്ട സ്പീക്കർ മുഖ്യമന്ത്രിയെ ക്ഷണിച്ചു)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രതിപക്ഷത്തിന്റെ നിഷേധാത്മകമായ സമീപനം കാരണം ബഡ്ജറ്റിനെ സംബന്ധിച്ച് ഫലപ്രദമായ ചർച്ചകൾ നടന്നില്ല. എം.എൽ.എ.-മാരുമായി സംസാരിച്ചും ജനങ്ങളുമായി സംവാദം നടത്തിയും ബഡ്ജറ്റിലെ പോരായ്മകൾ മനസ്സിലാക്കി ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമായ പദ്ധതികൾ കൊണ്ടുവരാനും പ്രഖ്യാപിക്കുവാനും ഈ അവസരം വിനിയോഗിക്കുകയാണ്. മാധ്യമപ്രവർത്തകരുടെ ആരോഗ്യ ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50% സർക്കാർ വഹിക്കുന്നതാണ്. ഇതിനായി 25 ലക്ഷം രൂപയും കോട്ടയം പ്രസ് ക്ലബ് നവീകരണത്തിന് 10 ലക്ഷം രൂപയും വകയിരുത്തുന്നു. മംഗലാപുരം, കോയമ്പത്തൂർ എന്നീ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് കാരുണ്യ ബനവലന്റ് സ്കീമിൽ ആനുകൂല്യം അനുവദിക്കുന്നതാണ്. സമഗ്ര കാർഷിക വികസന പദ്ധതിയായ "നിറവ്" ശേഷിക്കുന്ന 54 നിയോജകമണ്ഡലങ്ങളിൽ കൂടി നടപ്പിലാക്കുന്നതാണ്. കോഴി വളർത്തലും കന്നുകാലി വളർത്തലും കൃഷിയായി അംഗീകരിക്കുകയും സംസ്ഥാനത്തുടനീളം ഹരിതമൈത്രി കാർഷിക വിപണികൾ ആരംഭിക്കുകയും ചെയ്യും. മാനന്തവാടി ജില്ലാ ആശുപത്രിയിൽ മാതൃശിശു മൾട്ടി സ്പെഷ്യാലിറ്റി യൂണിറ്റ് ആരംഭിക്കുന്നതൊടൊപ്പം

മലപ്പുറം ക്യാൻസർ & റിസർച്ച് സെന്ററിന് പത്ത് കോടി രൂപ കൂടി അനുവദിക്കുന്നു. ഈറ്റ-പനമ്പ് തൊഴിലാളികൾക്ക് കുടിശ്ശിക നൽകാൻ ഒന്നാംഘട്ടമായി 5 കോടി രൂപയും സംസ്ഥാനത്തെ ഖാദിമേഖലയുടെ ആധുനികവത്കരണത്തിന് രണ്ടു കോടി രൂപയും അനുവദിക്കുന്നു. അവയവദാനത്തിന് തയ്യാറാകുന്ന വ്യക്തികളുടെ ചികിത്സാ ചെലവിനായി ഒരു കോടി രൂപ അനുവദിക്കുന്നു. അവശപത്രപ്രവർത്തക പെൻഷൻ 3000 രൂപയായി വർദ്ധിപ്പിക്കുന്നു. മലയാളത്തിലെ ആദ്യ ദാർശനിക സാഹിത്യകാരൻ മലയിൻകീഴ് മാധവ കവിയുടെ സ്മരണാർത്ഥമുള്ള "മലയിൻകീഴ് മാധവകവി സംസ്കൃതികേന്ദ്രം" പൂർത്തീകരണത്തിന് 25 ലക്ഷം രൂപ വകയിരുത്തുന്നു. തയ്യൽ തൊഴിലാളികളുടെ അംശദായത്തിൽ 10 രൂപ കൂടി വർദ്ധിപ്പിച്ച് മരണാനന്തര സഹായം ഉൾപ്പെടെ നൽകുന്നതാണ്. അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രതിമാസവേതനം യഥാക്രമം 10,000 രൂപയായും 7,000 രൂപയായും ഉയർത്തുന്നതാണ്. സ്കൂളുകളിൽ ഉച്ചഭക്ഷണം തയ്യാറാക്കുന്ന ആയമാരുടെ പ്രതിദിന വേതനം 400-500 രൂപയായി ഉയർത്തുന്നതാണ്. സെറിബ്രൽ പാൾസി, ഓട്ടിസം, മാനസികവളർച്ച ഇല്ലായ്മ തുടങ്ങിയ പ്രശ്നങ്ങളാൽ കഷ്ടപ്പെടുന്ന വ്യക്തികളിൽ 80 ശതമാനത്തിലധികം വൈകല്യമുള്ള രോഗികളുള്ള ഭവനങ്ങളെ വീട്ടുകരത്തിൽ നിന്നും ഒഴിവാക്കുന്നതും ഈയിനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം സർക്കാർ പ്രത്യേക സഹായമായി

നൽകുന്നതുമാണ്. "കനിവ്" പദ്ധതിയുടെ പഞ്ചായത്തുതല പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് എല്ലാ പഞ്ചായത്തുകളിലും ഓരോ അംഗപരിമിതരെ കോ-ഓർഡിനേറ്റർമാരായി നിയമിക്കുന്നതും ചെലവിന്റെ പകുതി സർക്കാരും പകുതി തദ്ദേശസ്ഥാപനങ്ങളും വഹിക്കുന്നതുമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചേർന്ന് വയനാട്ടിൽ ആരംഭിക്കുന്ന ശ്രീചിത്ര ആശുപത്രിക്ക് 20 കിടക്കകളുള്ള കെട്ടിടം പണിയുന്നതിന് ഒന്നര കോടി രൂപയും വിഴിഞ്ഞം പദ്ധതിയുടെ പുനരധിവാസ പാക്കേജിന്റെ ആദ്യഗഡുവായി 50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഹോംഗാർഡിന്റെ ദിവസ അലവൻസ് 600 രൂപയായി വർദ്ധിപ്പിക്കുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ, വിവിധോദ്ദേശ്യ തുറമുഖം ഉൾപ്പെടെ മുഖ്യഅടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 2016-17 വർഷത്തേയ്ക്ക് 2536.07 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വടക്കാഞ്ചേരി പുഴയുടെ സംരക്ഷണത്തിനും സൗന്ദര്യവത്കരണത്തിനുംവേണ്ടി രണ്ടുകോടി രൂപയും മുക്കം - കക്കാട് കൊടിയത്തൂർ റോഡിൽ കക്കാട് കടവ് പാലം നിർമ്മിക്കാൻ 3 കോടി രൂപയും വകയിരുത്തുന്നു. തിരൂർ ജില്ലാശുപത്രി ജനറലാശുപത്രിയായും താനൂർ സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായും തളിപ്പറമ്പ് താലൂക്കാശുപത്രി ജില്ലാശുപത്രിയായും ഉയർത്തുന്നതാണ്. കുമ്പളയിൽ പോളി ടെക്നിക് കോളേജ് ആരംഭിക്കുന്നതാണ്. കോന്നി ബൈപ്പാസ് നിർമ്മാണത്തിനായി 10 കോടി രൂപ

വകയിരുത്തുന്നു. മാനന്തവാടി-പാണ്ടിക്കടവ്-കല്ലോടി റോഡും ശ്രീകണ്ഠപുരം -ചെമ്പൻതൊട്ടി - നടുവിൽ റോഡും ബി.എം.എ.സി. ചെയ്യാൻ 5 കോടി രൂപ വീതം വകയിരുത്തുന്നു. പെരിന്തൽമണ്ണ അഞ്ചുമണിക്കാറ്റ് നവീകരണ പദ്ധതിക്ക് മൂന്നു കോടി രൂപയും കൽപ്പറ്റ - വാരമ്പറ്റ റോഡിന്റെ നിർമ്മാണപ്രവർത്തനത്തിന്റെ ഒന്നാംഘട്ടമായി 3 കോടി രൂപയും വകയിരുത്തുന്നു. ചാലിയാർ നദിക്ക് കുറുകെ മലപ്പുറം- കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന കുളിമാട് പാലം നിർമ്മിക്കുവാൻ 5 കോടി രൂപയും വിളപ്പിൽശാല പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാനായി ഒരു കോടി രൂപയും വകയിരുത്തുന്നു. അങ്ങാടിപ്പുറം പഞ്ചായത്തിലെ മാനത്തുമംഗലം ഓരാടം പാലം ബൈപാസ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു. കണ്ണൂർ ജില്ലയിലെ നീർക്കടവ് ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് രണ്ടു കോടി രൂപ വകയിരുത്തുന്നു. കുറവിലങ്ങാട് പ്രവർത്തിക്കുന്ന കോട്ടയം സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനത്തിന് 5 കോടി രൂപയും തലശ്ശേരിയിൽ ചിത്രകലാരംഗത്ത് പ്രശസ്തനായ പി കരുണാകരൻ മാസ്റ്റർ സ്മാരകത്തിന് 10 ലക്ഷം രൂപയും വകയിരുത്തുന്നു. കോട്ടയം, ഇടുക്കി ജില്ലകളെ ബന്ധിപ്പിക്കുന്ന കൂട്ടിക്കൽ പഞ്ചായത്തിലെ തേൻപുഴ വെംബ്ലി റോഡും പാലവും നിർമ്മിക്കുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു. നാലമ്പല തീർത്ഥാടനകേന്ദ്രങ്ങളായ കൂടൽ മാണിക്യ

ക്ഷേത്രം, തൃപ്രയാർ ശ്രീരാമ ക്ഷേത്രം, തിരുമൂഴിക്കുളം ശ്രീലക്ഷ്മണക്ഷേത്രം, പായമ്മൽ ശത്രുഘ്നക്ഷേത്രം എന്നിവിടങ്ങളിലെ തീർത്ഥാടന സൗകര്യം വർദ്ധിപ്പിക്കാൻ ഒരു കോടി രൂപ വകയിരുത്തുന്നു. മഞ്ചേരി മെഡിക്കൽ കോളേജിൽ ഒരു കാത്ത്‌ലാബ് ആരംഭിക്കുന്നതിന് 2 കോടി രൂപ വകയിരുത്തുന്നു. പട്ടാമ്പി ശ്രീനീലകണ്ഠ ഗവൺമെന്റ് കോളേജിൽ സ്റ്റേഡിയം നിർമ്മിക്കാൻ രണ്ടു കോടി രൂപ വകയിരുത്തുന്നു. മഞ്ചേരിയിൽ സംഗീത സംവിധായകനായ ബാബുരാജിന്റെ പേരിൽ ബാബുരാജ് സംഗീത അക്കാഡമി ആരംഭിക്കുന്നതാണ്. കെ.എം.എം.എൽ. പരിസര പ്രദേശമായ ചിറ്റൂരിലെ തദ്ദേശവാസികളുടെ പുനരധിവസത്തിന് പദ്ധതി നടപ്പിലാക്കുന്നതാണ്. നീണ്ടകര മുതൽ തോട്ടപ്പള്ളിവരെ തീരദേശ ഹൈവേ നടപ്പിലാക്കുന്നതാണ്. ഇടുക്കി ജില്ലയിലെ കരിമ്പൻ-മുരിക്കാശ്ശേരി-ചിന്നാർ-കമ്പിളിക്കണ്ടം-പാറത്തോട്-പണിക്കൻകുടി മുനിയറ-തിങ്കൾക്കാട് റോഡ് ബി.എം.എ.സി ചെയ്യാനായി 5 കോടി രൂപയും എൻ.എച്ച്. 47-ൽ തട്ടാമല – കുട്ടിക്കട-മയ്യനാട് റോഡിന് രണ്ടു കോടി രൂപയും കുറവിലങ്ങാട് താലൂക്ക് ആശുപത്രി കെട്ടിട സമുച്ചയത്തിന് ഒരു കോടി രൂപയും പ്രമാടം സ്റ്റേഡിയം നിർമ്മിക്കാൻ ഒരു കോടി രൂപയും വകയിരുത്തുന്നു. വിളപ്പിൽശാല പോളിടെക്നിക് കെട്ടിട നിർമ്മാണത്തിനും പാമ്പാടിയിൽ മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കാനും 5 കോടി രൂപ വീതം നീക്കിവയ്ക്കുന്നു. കട പരിശോധനയുമായി ബന്ധപ്പെട്ട്

വ്യാപാരികളുടെ ആശങ്ക ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പ്ലാന്റേഷൻ ടാക്സ് 700 രൂപയിൽനിന്ന് 500 രൂപയായി കുറയ്ക്കുന്നു. കാർഷികാദായ നികുതി ഇൻകംടാക്സിന് സമാനമാക്കുകയും അത് ഈ വർഷം വേണ്ടെന്ന് വയ്ക്കുകയും ചെയ്തിട്ടുണ്ട്. സ്വർണ്ണ വ്യാപാരികൾക്ക് കോമ്പൗണ്ടിംഗ് നികുതിയിൽ ഇളവ് നൽകുന്നതാണ്.

## ചട്ടം 236(2) സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): "നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 142 പ്രകാരം ബഡ്ജറ്റിന്റെ പൊതുചർച്ചയുടെ അവസാനം ധനാഭ്യർത്ഥനകൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്കും റിപ്പോർട്ടിനുംവേണ്ടി അയയ്ക്കപ്പെടുമെന്നും ചട്ടം 236-ന്റെ (2)-ാം ഉപചട്ടപ്രകാരം പൊതുചർച്ച അവസാനിച്ച തീയതി മുതൽ നാല് ആഴ്ചയിൽ കവിയാത്ത കാലാവധിക്കുള്ളിൽ സബ്ജക്ട് കമ്മിറ്റികൾ എല്ലാ ധനാഭ്യർത്ഥനകളുടെയും സൂക്ഷ്മപരിശോധന പൂർത്തിയാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭരണഘടനയുടെ വ്യവസ്ഥയനുസരിച്ച് കാലാവധി പൂർത്തിയാക്കി പിരിഞ്ഞുപോകുന്ന സഭ, വരും വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുന്നതിൽ അപാകതയുണ്ട്. ആയതിനാൽ

പ്രായോഗികതയ്ക്കുവേണ്ടി 236-ാം ചട്ടത്തിന്റെ (2)-ാം ഉപചട്ടം അടുത്ത നിയമസഭയിൽ രൂപീകരിക്കുന്ന സബ്ജക്ട് കമ്മിറ്റികൾ ബഡ്ജറ്റ് പരിശോധന പൂർത്തിയാക്കുന്നതുവരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

**സഭാസമ്മേളനം വെട്ടിച്ചുരുക്കുന്നത് സംബന്ധിച്ച പ്രമേയം**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): " സഭാസമ്മേളനം സുഗമമായി നടത്തിക്കൊണ്ടുപോകുവാൻ സാധിക്കാത്ത സാഹചര്യത്തിൽ 2016 ഫെബ്രുവരി 19, 22 എന്നീ തീയതികളിൽ ചേരുവാൻ നിശ്ചിയിച്ചിട്ടുള്ള സഭാസമ്മേളനം ചേരേണ്ടതില്ലെന്നും, ഫെബ്രുവരി 22-ന് നിശ്ചയിച്ചിട്ടുള്ള വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും ഫെബ്രുവരി 24-ന് അന്നേദിവസം തീരുമാനിച്ചിട്ടുള്ള മറ്റ് ബിസിനസ്സുകളോടൊപ്പം എടുക്കണമെന്നും കാര്യോപദേശക സമിതിയുടെ 24-ാമത് റിപ്പോർട്ടിലെ ശിപാർശകൾ തദനുസൃതമായി ഭേദഗതി ചെയ്യണമെന്നും ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ.

<u>കുഞ്ഞാലിക്കുട്ടി</u>): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

സഭ രാവിലെ 10.57-ന് പിരിഞ്ഞു.

***************